**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 2048** | 19.06.2012 -ൽ മറുപടിയ്ക്ക് |

**2011-12 ലെ ബഡ്ജറ്റിൽ ഖാദിഗ്രാമ വ്യവസായങ്ങൾക്കായി വകയിരുത്തിയിരുന്ന തുക**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ജമീലാ പ്രകാശം** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 2011-12 ലെ ബഡ്ജറ്റിൽ ഖാദിഗ്രാമ വ്യവസായങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്; | (എ) | 2426 ലക്ഷം രൂപ |
| (ബി) | ഈ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും ഖാദിഗ്രാമ വ്യവസായ കമ്മീഷനിൽ നിന്നും എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഖാദി കമ്മീഷനിൽ നിന്നും 905.31 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അവ ഓരോന്നിനുംവേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ? | (സി) | 1. സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതിയനുസരിച്ച് (Income Support Scheme) 2011-12 വർഷം 14.68 കോടി രൂപ മിനിമം വേജസ് ഇനത്തിൽ ഏകദേശം 11,000 നൂൽപ്പ്/നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നു.<br><br>2. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച പ്രത്യേക തൊഴിൽ ദാന പദ്ധതിയ്ക്ക് വേണ്ടി 2011-12 വർഷം 110 ലക്ഷം രൂപ വകയിരുത്തി പ്രസ്തുത പദ്ധതി 14 ജില്ലകളിലുമായി നടപ്പാക്കിയതിലൂടെ 71.76 ലക്ഷം രൂപ മാർജിൻ മണി നൽകി, 506 യൂണിറ്റുകൾ സ്ഥാപിച്ച് |

1012 പേർക്ക് തൊഴിലവസരം ലഭ്യമാക്കി.

3. തിരുവനന്തപുരം ജില്ലയിലെ വെള്ളറട, മലപ്പുറം ജില്ലയിലെ പുലാമന്തോൾ, കണ്ണൂർ ജില്ലയിലെ അഴിക്കോട് എന്നിവിടങ്ങളിലായി 3 ഖാദി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചു.

4. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിന് നടപടി സ്വീകരിക്കുകയും, സ്ലൈവർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പുകാർക്ക് ആവശ്യമുള്ളതും ഗുണമേന്മയുള്ളതുമായ സ്ലൈവർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിനും വേണ്ടി 100 ലക്ഷം രൂപ അനുവദിച്ചു.

5. ഖാദി ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് 25 ലക്ഷം രൂപയും ധർമ്മ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് 25 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 7 സഹകരണ സംഘങ്ങൾക്കും 11 ധർമ്മ സ്ഥാപനങ്ങൾക്കും സഹായം നൽകി.

6. ഖാദി കൈത്തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2011-12 വർഷം 10 ലക്ഷം രൂപ അനുവദിച്ചതിലൂടെ 200 കസേരയും 200 മേശയും വിതരണം ചെയ്തു.

7. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട ത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ഇതിലൂടെ 65 പേർക്ക് പുതുതായി തൊഴിൽ ലഭ്യമാകും.

8. പരമ്പരാഗത തേനീച്ച കർഷർക്ക് ധനസഹായം നൽകുന്നതിന് 10 ലക്ഷം അനുവദിച്ചതിലൂടെ കർഷകർക്ക് പരിശീല നവും തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നുണ്ട്.

9. ഖാദി വില്പന കേന്ദ്രങ്ങളും, ഗൊഡൗണുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചു. ഇതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും, 2011 ഗാന്ധിജയന്തി ദിനത്തിൽ ഏറ്റുമാനൂരിൽ പുതിയ ഒരു ഖാദി ഗ്രാമസൗഭാഗ്യ ആരംഭിക്കുകയും, ഖാദി ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കാൻ കലൂർ, എറണാകുളം, പാലക്കാട്, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ സൗഭാഗ്യകൾ ആകർഷകമാക്കിയിട്ടുമുണ്ട്.

10. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) പ്രകാരം 2011-12 വർഷം 393 യൂണിറ്റുകൾക്ക് 905.31 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 2884 പേർക്ക് തൊഴിലവസരം സൃഷ്ടിച്ചു.

സെക്ഷൻ ഓഫീസർ